**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1120** — **02.05.2017 ൽ മറുപടിയ്ക്ക്**

**ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിദ്യാർത്ഥികൾക്ക് പരിശീലനം**

| ചോദ്യം<br>ശ്രീമതി. വീണാ ജോർജ്ജ് | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസുകളും, പരിശീലനവും കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നൽകുമോ; | എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂളുകളിൽ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെ വീട്ടുവളപ്പിലും സ്കൂൾ വളപ്പിലും കൃഷി ചെയ്യുവാൻ സഹായം നൽകുന്നുണ്ട്. വീട്ടുവളപ്പിൽ കൃഷി ചെയ്യുവാനായി പച്ചക്കറി വിത്തു പാക്കറ്റുകളും സ്കൂൾ വളപ്പിൽ കൃഷി ചെയ്യുവാൻ വിത്തുൾപ്പെടെ 4000 രൂപയുടെ സഹായവും പ്രവർത്തനച്ചിലവിനായി 1000 രൂപയുടെ സഹായവും നൽകുന്നുണ്ട്. ഈ വിദ്യാർത്ഥികൾക്ക് കൃഷി കാര്യങ്ങളിൽ പ്രാവീണ്യം ലഭിക്കുന്നതിനായി കൃഷി ഉദ്യോഗസ്ഥരുടെ തേതൃത്വത്തിൽ പരിശീലന ക്ലാസ്സുകളും കൃഷി സംബന്ധമായ അറിവുകൾക്കായി കൈപ്പുസ്തകങ്ങളും നൽകുന്നുണ്ട്. |
| ബി) ഇതിനുവേണ്ട ഫണ്ട് വകുപ്പുകൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; | ബി) ഇതിനു വേണ്ട ഫണ്ട് കൃഷി വകുപ്പ് നൽകുന്നുണ്ട്. |
| സി) എല്ലാ പഞ്ചായത്തുകളിലും മികച്ച കർഷകർക്ക് പ്രോത്സാഹനമായി 1,2,3 എന്നിങ്ങനെ തരംതിരിച്ച് അവാർഡുകളും സാമ്പത്തിക സഹായവും നൽകുവാൻ നടപടി സ്വീകരിക്കുമോ? | സി) മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാതലത്തിൽ ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന നോമിനേഷനുകളിൽ നിന്നും ആദ്യ മൂന്നു സ്ഥാനങ്ങളിൽ എത്തുന്ന കർഷകർക്ക് Rs. 15,000, Rs. 7,500, Rs. 5,000 എന്നീ നിരക്കിൽ ക്യാഷ് അവാർഡ് നൽകുന്നുണ്ട്. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**